

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ

## 15. മീമാംസ

സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


15 മീമാംസ . . . . . . . . . . . . . . . . . . . . . . . . . . . . . . 1

1 നിത്യശബ്ദസിദ്ധാന്തം . . . . . . . . . 2

2 മീമാംസയിലെ നിരീശ്വരവാദം . . . . 3

3 അപൂർവം . . . . . . . . . . . . . . . . 4

4 മന്ത്രവാദവും മതച്ചടങ്ങുകളും . . . . . 5

5 വർണ്ണവ്യവസ്ഥയുടെ ന്യായീകരണം . 6

## 15

# മീമാംസ

രണ്ടു മീമാംസകളുണ്ട്; പൂർവമീമാംസയും ഉത്തരമീമാംസയും. രണ്ടും വേദങ്ങളെ അടിസ്ഥാനപ്രമാണങ്ങളായി കണക്കാക്കുന്ന ആത്മീയദർശനങ്ങളാണ്. പൂർവമീമാംസ വേദങ്ങളുടെ ആദ്യഭാഗങ്ങളായ മന്ത്രങ്ങളുടെയും ബ്രാഹ്മണങ്ങളുടെയും അടിസ്ഥാനത്തിലുള്ള കർമ്മങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകിയത്. ഉത്തരമീമാംസയാകട്ടെ, വേദങ്ങളുടെ അവസാനഭാഗമെന്നു കരുതപ്പെടുന്ന ഉപനിഷത്തുക്കളിലെ ആദ്ധ്യാത്മികസിദ്ധാന്തങ്ങളെ വ്യാഖ്യാനിക്കാനാണ് ശ്രമിച്ചത്. പൂർവമീമാംസ യാഗാദിവൈദികകർമ്മങ്ങളെ ന്യായീകരിക്കാനും വൈദികപുരോഹിതന്മാരുടെ വിധിനിഷേധങ്ങൾക്ക് താത്വികമായ ഒരടിസ്ഥാനം നൽകാനും ശ്രമിച്ചപ്പോൾ ഉത്തരമീമാംസ വ്യാവഹാരികജീവിതത്തിനടിയിലുള്ള പരമസത്യത്തെ, അതായത് ബ്രഹ്മത്തെ, വെളിപ്പെടുത്തുന്നതിലാണ് ശ്രദ്ധിച്ചത്. മീമാംസ എന്ന വാക്കിന് ഗാഢവും ഗഹനവുമായ പരിശോധന അല്ലെങ്കിൽ യുക്ത്യധിഷ്ഠിതമായ അന്വേഷണം എന്നാണർത്ഥം. ഈ അർത്ഥത്തിൽ പൂർവമീമാംസയ്ക്ക് കർമ്മമീമാംസ എന്നും ഉത്തരമീമാംസയ്ക്ക് ജ്ഞാനമീമാംസ അല്ലെങ്കിൽ ബ്രഹ്മമീമാംസ എന്നും പറയാറുണ്ട്. എന്നാൽ, കാലക്രമത്തിൽ ഉത്തരമീമാംസ അല്ലെങ്കിൽ ജ്ഞാനമീമാംസ വേദാന്തം എന്ന പേരിലും അറിയപ്പെടാൻ തുടങ്ങി.

മീമാംസയും വേദാന്തവും പരസ്പരം ബന്ധപ്പെട്ട ദർശനങ്ങളായിട്ടാണ് കരുതപ്പെട്ടു പോന്നത്. മണ്ഡനമിശ്രനെപ്പോലെയുള്ള വേദാന്തികൾ അവയെ ഒരേ ദർശനത്തിന്റെ രണ്ടു ഭാഗങ്ങൾ മാത്രമായി കണക്കാക്കുകയും കർമ്മവും ജ്ഞാനവും ഒരുപോലെ ആവശ്യമാണെന്ന കാരണം പറഞ്ഞുകൊണ്ട് കർമ്മജ്ഞാനസമുച്ചയവാദം എന്ന പേരിൽ ഒരൊറ്റ ദർശനമാക്കി വ്യാഖ്യാനിക്കുകയും ചെയ്തു. പക്ഷേ, ഈ രണ്ടു ദർശനങ്ങളും തമ്മിൽ അതിപ്രധാനമായ ചില വ്യത്യാസങ്ങളുണ്ട്. അതുകൊണ്ട്, ഒറ്റയ്ക്കൊറ്റയ്ക്കു പരിശോധിക്കുകയാണ് കൂടുതൽ നല്ലത്. അതുതന്നെയാണ് തത്വശാസ്ത്രചരിത്രകാരന്മാർ അവലംബിക്കാറുള്ള മാർഗ്ഗവും.

മീമാംസയുടെ ഉപജ്ഞാതാവ് ജൈമിനിയാണെന്നു വിശ്വസിക്കപ്പെടുന്നു. മറ്റു പ്രാചീനതത്വജ്ഞാനികളുടെ എന്നപോലെ അദ്ദേഹത്തിന്റെ ജീവിതകാലവും തർക്കവിഷയമാണ്. രാധാകൃഷ്ണന്റെ അഭിപ്രായത്തിൽ അദ്ദേഹം ജീവിച്ചിരുന്നത് ക്രി. മു. നാലാം നൂറ്റാണ്ടിലാണ്. ഹിരിയണ്ണ പറയുന്നു, ക്രി. മു. മൂന്നാം നൂറ്റാണ്ടിനും രണ്ടാം നൂറ്റാണ്ടിനും ഇടയ്ക്കാണെന്ന്. ജാക്കോബിയുടെ അഭിപ്രായത്തിൽ ജൈമിനിയുടെ മീമാംസാസൂത്രങ്ങൾ രചിക്കപ്പെട്ടത് ക്രിസ്തുവിനുശേഷം മൂന്നാം നൂറ്റാണ്ടിനും അഞ്ചാം നൂറ്റാണ്ടിനുമിടയ്ക്കാണ്. ദാസ് ഗുപ്തയാകട്ടെ, സൂത്രങ്ങളുടെ രചനാകാലം ക്രി.മു. ഇരുനൂറാമാണ്ടിനോടടുത്തായിരിക്കണമെന്ന് ഉറപ്പിച്ചു പറയുന്നു. ക്രി. മു. രണ്ടാം നൂറ്റാണ്ടിന്റെ മധ്യകാലത്തു ജീവിച്ചിരുന്ന പതഞ്ജലി തന്റെ മഹാഭാഷ്യത്തിൽ മീമാംസയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. അതുകൊണ്ട്, പതഞ്ജലിക്കു മുമ്പാണ് ജൈമിനി ജീവിച്ചിരുന്നത് എന്നു കരുതുന്നതാവും കൂടുതൽ ശരി. വർണ്ണാശ്രമവ്യവസ്ഥ വളർന്നു വികസിച്ചു കൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്.

ആരംഭത്തിൽ ധർമ്മം, അർത്ഥം, കാമം എന്നിങ്ങനെ മൂന്നു ജീവിതലക്ഷ്യങ്ങളെ മാത്രമേ മീമാംസാദർശനം അംഗീകരിച്ചിരുന്നുള്ളൂ. പിന്നീട് മോക്ഷം എന്ന നാലാമതൊരു ലക്ഷ്യവും അവയോടു കൂട്ടിച്ചേർക്കപ്പെട്ടു. ഈ ജീവിത ലക്ഷ്യങ്ങൾ നേടാനുള്ള മാർഗ്ഗങ്ങളെപ്പറ്റിയാണ് മീമാംസ പ്രതിപാദിക്കുന്നത്. ആകെ പന്ത്രണ്ട് അദ്ധ്യായങ്ങളിലായി 2500-ഓളം സൂത്രങ്ങളുണ്ട്. തുടക്കത്തിൽ തന്നെ ധർമ്മത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള പരിശോധനയാണ്. 'ഇനി ധർമ്മത്തെക്കുറിച്ചുള്ള അന്വേഷണം ആരംഭിക്കുന്നു' എന്ന സൂത്രത്തോടു കൂടിയാണ് അതാരംഭിക്കുന്നത്. [1]

എന്താണ് ധർമ്മം എന്നുവെച്ചാൽ? ജൈമിനിയുടെ അഭിപ്രായത്തിൽ സാന്മാർഗിക ജീവിതത്തെയോ വർണ്ണവ്യവസ്ഥയിലെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ ജീവിതചര്യകളെയോ മോക്ഷപ്രാപ്തിക്കുള്ള സാധനകളെയോ കുറിക്കുന്ന ഒരു പദമല്ല അത്. കർമ്മം ചെയ്യാൻ മനുഷ്യരെ പ്രേരിപ്പിക്കുന്ന വിധികൾ അല്ലെങ്കിൽ കല്പനകൾ എന്നാണ് അദ്ദേഹം ധർമ്മത്തെ നിർവചിക്കുന്നത്. [2] ഇന്ദ്രിയസമ്പർക്കങ്ങളിലൂടെയുണ്ടാകുന്ന പ്രത്യക്ഷജ്ഞാനം കൊണ്ട് ധർമ്മമെന്തെന്നു മനസ്സിലാക്കാൻ കഴിയില്ല. എന്തുകൊണ്ടെന്നാൽ, വർത്തമാനകാലത്തിൽ സ്ഥിതിചെയ്യുന്നവയെ മനസ്സിലാക്കാൻ മാത്രമേ പ്രത്യക്ഷസ്ഥാനം ഉപകരിക്കുകയുള്ളൂ. ധർമ്മമാകട്ടെ, ഭാവിയുമായി ബന്ധപ്പെട്ടതാണ്. അതെന്താണെന്ന് അറിയപ്പെടുന്ന സമയത്ത് നിലനിൽക്കുന്നില്ല. നിലവിലില്ലാത്തവയെപ്പറ്റി പഠിക്കാൻ പ്രത്യക്ഷപ്രമാണം പോരാ. പിന്നെ എന്താണ് വഴി? ജൈമിനിയുടെ അഭിപ്രായത്തിൽ വേദവിധികളനുസരിക്കുകയല്ലാതെ മറ്റു പോംവഴിയൊന്നുമില്ല. വേദങ്ങളെന്നു പറയുമ്പോൾ ജൈമിനി പ്രധാനമായും ഋഗ്വേദത്തെയല്ല, പിൽക്കാലവേദങ്ങളെയും, പ്രത്യേകിച്ച് ബ്രാഹ്മണങ്ങളെയുമാണ് ഉദ്ദേശിക്കുന്നത്. അവയിലടങ്ങിയ വിധികളും കൽപ്പനകളുമാണ് കർമ്മങ്ങൾ ചെയ്യാൻ പ്രചോദനം നൽകുന്നത്. അപ്പോൾ, വേദവിധികളനുസരിച്ചുള്ള കർമ്മങ്ങളാണ് ധർമ്മത്തിന്റെ അടിസ്ഥാനം. ഈ അർത്ഥത്തിലുള്ള ധർമ്മമാണ് പരമമായ ലക്ഷ്യം. [3]

കർമ്മം എന്ന വാക്കിന് ഇവിടെ വെറും പ്രവൃത്തി എന്നല്ല അർത്ഥം. വൈദികവിധിപ്രകാരമുള്ള യാഗാദികർമ്മങ്ങളും മതപരമായ മറ്റു ചടങ്ങുകളുമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഓരോ കർമ്മത്തിനും അതിന്റേതായ ഫലമുണ്ട്. പക്ഷേ, കർമ്മം ചെയ്തു ഉടനെ ഫലം കാണുകയില്ല. ഭാവിയിൽ ഫലമുണ്ടാകുമെന്ന വാഗ്ദാനമാണ് കർമ്മത്തിന്റെ പ്രചോദനം. ഉദാഹരണത്തിന്, "സ്വർഗ്ഗം പ്രാപിക്കണമെന്നാഗ്രഹിക്കുന്നവൻ അഗ്നിഹോത്രയാഗം ചെയ്യട്ടെ!" അല്ലെങ്കിൽ, "ഇന്ദ്രിയസുഖങ്ങൾ നേടണമെന്നാഗ്രഹിക്കുന്നവൻ ഹോമം നടത്തട്ടെ!".

വേദാന്തികളെ സംബന്ധിച്ചിടത്തോളം യാഗാദികർമ്മങ്ങളും ബ്രഹ്മജിജ്ഞാസയും തമ്മിൽ നേരിട്ടൊരു ബന്ധവുമില്ല. കർമ്മകാണ്ഡം ബ്രഹ്മജ്ഞാനത്തിന്റെ അനിവാര്യമായ ഒരുപാധിയല്ല. മീമാംസകരുടെ അഭിപ്രായം നേരെ മറിച്ചാണ്. മീമാംസാവിധികൾ പ്രകാരമുള്ള യജ്ഞാദികർമ്മങ്ങളുടെ അടിസ്ഥാനത്തിലല്ലാത്ത ജ്ഞാനത്തിനു യാതൊരു പ്രസക്തിയുമില്ല.

മൂന്നു തരത്തിലുള്ള കർമ്മങ്ങളുണ്ട്. ഒന്നാമതായി മനുഷ്യന് ഒഴിച്ചുകൂടാൻ പാടില്ലാത്ത, അലംഘനീയങ്ങളായ, കർമ്മങ്ങൾ. അവ ചെയ്യാതിരിക്കുന്നതു പാപമാണ്. രണ്ടാമതായി ഇഷ്ടമുണ്ടെങ്കിൽ മാത്രം ചെയ്യാവുന്നവയും ചെയ്താൽ ഗുണം കിട്ടുന്നവയുമായ കർമ്മങ്ങൾ. മൂന്നാമതായി നിഷിദ്ധങ്ങളായ കർമ്മങ്ങൾ. അവ ചെയ്യുന്നത് ഹാനികരമാണ്. ഈ മൂന്നുതരം കർമ്മങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങളെപ്പറ്റിയും അവയുടെ ഫലങ്ങളെപ്പറ്റിയും മീമാംസാ സൂത്രങ്ങളിൽ വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. ചീത്ത ഫലങ്ങളുളവാക്കുന്ന കർമ്മങ്ങൾ ചെയ്യരുത്. വൈദികകർമ്മങ്ങളിൽ വിധിക്കപ്പെട്ടിട്ടുള്ള കർമ്മങ്ങളും സൽഫലമുളവാക്കുന്ന കർമ്മങ്ങളും ചെയ്തേ മതിയാവൂ. ഉദാഹരണത്തിന്, യാഗങ്ങൾ ചെയ്യണമെന്ന് വേദങ്ങൾ ആവശ്യപ്പെടുന്നു. അതുകൊണ്ട് യാഗകർമ്മങ്ങൾ ഒഴിച്ചുകൂടാൻ വയ്യാത്തവയാണ്. കർമ്മമാണ് മനുഷ്യജീവിതത്തിന്റെ അടിത്തറ. കർമ്മമില്ലെങ്കിൽ പിന്നെ ജ്ഞാനത്തിന് ഒരുദ്ദേശ്യമില്ലാതാവും. മനുഷ്യന് തന്റെ ലക്ഷ്യം നേടാൻ സാധിക്കാതാകും. കർമ്മത്തിന്റെ അടിസ്ഥാനമാകട്ടെ, വേദവിധികളുമാണ്. വേദങ്ങളിലും ബ്രാഹ്മണങ്ങളിലുമടങ്ങിയ വിധിനിഷേധങ്ങളെ അനുസരിച്ച് കൊണ്ടുള്ള ജീവിതമാണ് ശരിയായ ജീവിതം.

---

1. അഥാതോ ധർമജിജ്ഞാസാ ജൈമിനിഃ
   — മീമാംസാസൂത്രങ്ങൾ. 1. 1. 1.
2. ചോദനാലക്ഷണോ/ർഥോ ധർമഃ
3. മീമാംസ സൂത്രങ്ങൾ 1, 2, 3, 4

## 1 നിത്യശബ്ദസിദ്ധാന്തം

വേദങ്ങളും ബ്രാഹ്മണങ്ങളുമായിരുന്നു മീമാംസകരുടെ ആധികാരിക ഗ്രന്ഥങ്ങൾ. അവയിലടങ്ങിയ വിധിനിഷേധങ്ങൾക്ക് നിഗൂഢമായ ഒരു വിശുദ്ധിയുണ്ടെന്ന് അവർ വിശ്വസിച്ചു. അവയെ സൃഷ്ടിച്ചത് മനുഷ്യനുമല്ല, ദൈവവുമല്ല. അവ അനശ്വരങ്ങളും അനാദിയായി നിലനിന്നു പോരുന്നവയുമാണ്. വേദങ്ങളിലടങ്ങിയ പരമമായ സത്യം ശബ്ദങ്ങളുടെ സഹായത്തോടുകൂടി മാത്രമേ കണ്ടെത്താനാകൂ. ശബ്ദങ്ങളാകട്ടെ, വാക്കുകളുടെ രൂപം ധരിക്കുന്നു. അതുകൊണ്ട്, വേദങ്ങളിലെ വാക്കുകളെയും അവയുടെ അടിസ്ഥാനത്തിലുള്ള ഉച്ചാരണങ്ങളെയും വ്യക്തമായും വിമർശനപരമായും പരിശോധിച്ചുകൊണ്ടു മാത്രമേ വാക്കുകൾക്കും ശബ്ദങ്ങൾക്കും അപ്പുറത്തുള്ള പരമസത്യം കണ്ടുപിടിക്കാനാകൂ. ഇത്തരം പരിശോധനകളിലൂടെ മാത്രമേ വേദവാക്യങ്ങളുടെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കാൻ കഴിയൂ.

തങ്ങൾക്ക് വേദങ്ങളിലുള്ള വിശ്വാസം അന്ധമല്ലെന്നു തെളിയിക്കാൻ മീമാംസകർ വളരെയധികം പാടുപെടുകയുണ്ടായി. വേദങ്ങളുടെ സാധുതയെയും ചോദ്യം ചെയ്യാനരുതാത്ത വിധമുള്ള ആധികാരികതയെയും യുക്തിയുടെ സഹായത്തോടുകൂടി കാര്യകാരണസഹിതം തെളിയിക്കാൻ അവർ ശ്രമിച്ചു. പക്ഷേ, ഇതുവരെ കൂടുതൽ കൂടുതൽ നിഗൂഢതയിലേക്കു നയിക്കുകയാണ് ചെയ്തത്. ഇതിനൊരുദാഹരണമാണ് ജൈമിനി ആവിഷ്കരിച്ച നിത്യശബ്ദസിദ്ധാന്തം. ശബ്ദം നിത്യവും അനശ്വരവുമാണെന്നത്രേ ഈ സിദ്ധാന്തത്തിന്റെ പൊരുൾ. വേദങ്ങളിലെ വാക്കുകൾ മനുഷ്യനിർമ്മിതങ്ങളാണെന്നും അതുകൊണ്ട് വേദങ്ങൾ നിത്യങ്ങളോ അനശ്വരങ്ങളോ അല്ലെന്നും ഉള്ള വാദത്തിനു മറുപടിയായിട്ടാണ് ജൈമിനി പ്രസ്തുതസിദ്ധാന്തമുന്നയിച്ചത്. [4] ഉച്ചരിക്കപ്പെടുന്ന വാക്കുകളും അവയെ ശ്രദ്ധിക്കുന്ന ഒരാൾ കേൾക്കുന്ന ശബ്ദങ്ങളും ഒന്നല്ല എന്നാണ് ജൈമിനിയുടെ വാദം. നമ്മൾ കേൾക്കുന്നത് ശബ്ദം മാത്രമാണ്. കേട്ടുകഴിഞ്ഞ ഉടനെ അതു നിശ്ചലമായിപ്പോകുകയും ചെയ്യുന്നു. വാക്കുകളാകട്ടെ, സ്ഥിരവും ശാശ്വതവുമാണ്. അവ മനുഷ്യനിർമ്മിതങ്ങളല്ല. മനുഷ്യൻ ഉച്ചരിച്ചുണ്ടാകുന്നത് വാക്കല്ല, ശബ്ദമാണ്. ശബ്ദത്തിനു മുമ്പും വാക്കു നിലനിന്നിരുന്നു. മനുഷ്യപ്രയത്നം കൊണ്ടുണ്ടാകുന്ന ശബ്ദം അല്ലെങ്കിൽ ഉച്ചാരണം, വാക്കിനെ പുതുതായി സൃഷ്ടിക്കുകയല്ല, മുമ്പുതന്നെ നിലനിന്നിരുന്ന വാക്കിനെ അഭിവ്യക്തമാക്കുക മാത്രമാണ് ചെയ്യുന്നത്. ഉച്ചരിക്കപ്പെടുന്നതിനു മുമ്പ് അത് അഭിവ്യക്തമായിരുന്നില്ലെന്നേയുള്ളൂ. എങ്കിലും അതു നിലനിന്നിരുന്നു. നിലനിന്നിരുന്നില്ലെങ്കിൽ അതിനെ ആർക്കും ഉച്ചരിക്കാൻ കഴിയുമായിരുന്നില്ല. [5] അക്ഷരങ്ങളും വാക്കുകളും വ്യത്യസ്തസ്ഥലങ്ങളിൽ, അല്ലെങ്കിൽ വ്യത്യസ്തകാലങ്ങളിൽ, വ്യത്യസ്തശബ്ദങ്ങളിലാണ് ഉച്ചരിക്കപ്പെടുന്നത് എന്ന യാഥാർത്ഥ്യം ജൈമിനി കണക്കിലെടുത്തിട്ടില്ലെന്നു തോന്നുന്നു. ഒരേവാക്കുതന്നെ വ്യത്യസ്ത രൂപങ്ങളിൽ ഉച്ചരിക്കപ്പെടുന്നുണ്ടെങ്കിൽ അത് ഉച്ചാരണത്തിന്റെ ദോഷമാണ്, അല്ലെങ്കിൽ ഉച്ചരിക്കുന്ന മനുഷ്യന്റെ കുറ്റമാണ്, എന്നദ്ദേഹം സമാധാനം പറയുമായിരിക്കാം. എന്തെന്നാൽ, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അക്ഷരങ്ങൾ സ്ഥിരവും ശാശ്വതവുമായി നിലനിൽക്കുന്നവയാണ്. മാറ്റം സംഭവിക്കുന്നത് അക്ഷരങ്ങൾക്കും വാക്കുകൾക്കുമല്ല, അവയുടെ ഉച്ചാരണത്തിനും ഉച്ചാരണത്തിന്റെ ഫലമായുണ്ടാകുന്ന ശബ്ദങ്ങൾക്കുമാണ്. ശാശ്വതമായി നിലനിൽക്കുന്ന വാക്കിന്റെ അർത്ഥം മറ്റൊരാൾക്കു വ്യക്തമാക്കിക്കൊടുക്കുക മാത്രമാണിവിടെ ചെയ്യുന്നത്. ഒരുവസ്തുവിന്മേൽ വീഴുന്ന രശ്മികൾ ആ വസ്തുവിനെ പ്രകാശിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ; അല്ലാതെ ആ വസ്തുവിനെ സൃഷ്ടിക്കുന്നില്ല. അതുപോലെതന്നെ, വേദോച്ചാരണങ്ങളിലൂടെയുണ്ടാകുന്ന ശബ്ദങ്ങൾ വേദവാക്യങ്ങളെ സൃഷ്ടിക്കുകയല്ല, അവയെ സ്പഷ്ടമാക്കാൻ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്. വാക്കുകളുടെ അർത്ഥവും പ്രാധാന്യവും മറ്റുള്ളവർക്കു വ്യക്തമാക്കി കൊടുക്കുക എന്നതാണ് ഉച്ചാരണത്തിന്റെ ഉദ്ദേശ്യം. വാക്കുകൾ ശാശ്വതങ്ങളല്ലെങ്കിൽ, ഉച്ചരിക്കപ്പെട്ട ഉടനെ അവ ഇല്ലാതായിത്തീരുമെങ്കിൽ, മറ്റുള്ളവർക്കു യാതൊന്നും വ്യക്തമാക്കിക്കൊടുക്കാൻ കഴിയില്ല. [6] അതുകൊണ്ട് വേദങ്ങൾ നിത്യങ്ങളും കുറ്റമറ്റവയുമാണ്. അവ ആരാലും സൃഷ്ടിക്കപ്പെട്ടവയല്ല. വേദങ്ങൾ നിത്യങ്ങളും കാലാതീതങ്ങളുമാണെന്നു സ്ഥാപിക്കുന്നതിന് അവയോടൊപ്പം ശാശ്വതമായി നിലനിന്നുകൊണ്ട് ശബ്ദോച്ചാരണത്തിനു പ്രചോദനം നൽകുന്ന ഒരാത്മാവിന്റെ സഹായംപോലും ജൈമിനിക്കാവശ്യമില്ല. വാക്കുകൾ സ്വയം പര്യാപ്തങ്ങളും സ്വയം പ്രകാശിക്കുന്നവയുമാണ്. അവയ്ക്ക് അർത്ഥവും ആധികാരികതയും നൽകാൻ മറ്റൊരു ശക്തിയുടെയും ആവശ്യമില്ല. ഷെർബാത്സ്കി എഴുതുന്നു: “ബുദ്ധിശൂന്യമായ ഈ ആശയത്തെ യാഥാസ്ഥിതികരും യാഥാസ്ഥിതികരല്ലാത്തവരുമായ തത്വചിന്തകന്മാരുടെ എല്ലാ വിഭാഗങ്ങളും കഠിനമായി എതിർക്കുകയുണ്ടായി. മീമാംസകന്മാർ ദ്വന്ദ്വാത്മകമായ ഗഹനതയും യുക്തികളും തർക്കങ്ങളുമുപയോഗിച്ചുകൊണ്ട് ആ ആക്രമണങ്ങളെയെല്ലാം നേരിട്ട് തങ്ങളുടെ ആശയത്തെ ന്യായീകരിച്ചു. തങ്ങളുടെ ദാർശനികമായ എല്ലാ ബുദ്ധിസാമർത്ഥ്യവും ഈ ഒരൊറ്റ കാര്യത്തിലാണ് അവർ ചെലവഴിച്ചത് എന്നു തോന്നിപ്പോകും. മറ്റെല്ലാ പ്രശ്നങ്ങളിലും അവർ, വ്യക്തമായും അങ്ങേയറ്റത്തെ യാഥാർത്ഥ്യബോധത്തോടുകൂടി ആദ്ധ്യാത്മികവിരുദ്ധവും നിഷേധാത്മകവുമായ ഒരു നിലപാടാണ് കൈക്കൊണ്ടത്”.

---

4. മീ. സൂ. 1. 1. 6.
5. മീ. സൂ. 1. 1. 12.
6. മീ. സൂ. 1. 1. 18.

## 2 മീമാംസയിലെ നിരീശ്വരവാദം

വേദങ്ങളുടെ ആദ്യഘട്ടങ്ങളിൽ ആര്യന്മാർ സ്വന്തം ഐഹികസുഖങ്ങൾക്കു വേണ്ടി അഗ്നി, വരുണൻ, സൂര്യൻ, ഇന്ദ്രൻ മുതലായ ദൈവങ്ങളെ പ്രസാദിപ്പിക്കാനാണ് യാഗങ്ങൾ നടത്തിയിരുന്നത്. മീമാംസകർ ഈ യാഗങ്ങളെ പുനരുദ്ധരിച്ചുകൊണ്ട് അവയ്ക്ക് പുതിയ അർത്ഥം നൽകി. അവർ യാഗങ്ങൾ നടത്തിയത് ദൈവങ്ങളെ പ്രീതിപ്പെടുത്താനോ ആത്മാവിനെ ശുദ്ധീകരിക്കാനോ വേണ്ടിയല്ല; അവയാവശ്യമാണെന്ന് വേദങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളതുകൊണ്ടാണ്. മീമാംസയിൽ ദേവീദേവന്മാർക്ക് യാതൊരു പ്രാധാന്യവുമില്ല. യാഗാദികർമ്മങ്ങൾ ചെയ്യുന്നത് അവ ചെയ്യേ മതിയാകൂ എന്നതുകൊണ്ടു മാത്രമാണ്. കർമ്മത്തിനുവേണ്ടി കർമ്മം എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് അവർ യജ്ഞാദികർമ്മങ്ങളെ ന്യായീകരിച്ചത്. ഇതിന്റെ അർത്ഥം കർമ്മങ്ങൾക്കു യാതൊരു ഫലവുമില്ലെന്നല്ല. ഓരോ കർമ്മത്തിനും അതിന്റേതായ ഫലമുണ്ടാകും. “അതിപ്രാധാന്യം നൽകപ്പെടുന്ന ഒരു മാർഗ്ഗം അതിന്റെ തന്നെ ലക്ഷ്യമായിത്തീരുന്നതെങ്ങനെയെന്നതിനും ക്ഷേത്രങ്ങൾക്കും പ്രവാചകന്മാർക്കും ഗ്രന്ഥങ്ങൾക്കും വേണ്ടി ദൈവങ്ങൾ ബലി കഴിക്കപ്പെടുന്നതെങ്ങനെയെന്നതിനും മനുഷ്യചരിത്രത്തിലുള്ള അനേകം ഉദാഹരണങ്ങളിലൊന്നാണ് മീമാംസ. വേദങ്ങളുടെ ആധിപത്യത്തെ നിലനിർത്താനുള്ള ഉൽക്കണ്ഠയിൽ മീമാംസ ഈശ്വരനെ സംശയാസ്പദമായ ഒരു സ്ഥാനത്തേക്കു നീക്കം ചെയ്യുന്നു” എന്ന് സതീശ്ചന്ദ്രചാറ്റർജിയും ധീരേന്ദ്രമോഹൻ ദത്തും ചൂണ്ടിക്കാണിക്കുന്നു. [7]

ശരിക്കു പരിശോധിച്ചാൽ മീമാംസയിൽ ഈശ്വരന് സംശയാത്മകമായ ഒരു സ്ഥാനം പോലും നൽകപ്പെട്ടിട്ടില്ലെന്നു കാണാം. പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവെന്ന നിലയ്ക്കുള്ള ഈശ്വരനെ പൂർണ്ണമായും നിഷേധിക്കുന്ന ഒരു ദർശനമാണത്. പ്രപഞ്ചത്തിന് ഒരു സൃഷ്ടികർത്താവില്ല, കർമ്മനിയമമനുസരിച്ച് സ്വയമേവ ആവിർഭവിച്ചതാണത്, എന്നാണ് മീമാംസകന്മാർ വിശ്വസിക്കുന്നത്. പ്രപഞ്ചത്തിന്റെ ഭൗതികഘടകങ്ങൾ നിത്യങ്ങളും അനശ്വരങ്ങളുമാണ്. ന്യായവൈശേഷിക ദർശനങ്ങളെന്ന പോലെ തന്നെ മീമാംസയും പ്രപഞ്ചത്തിന്റെ അടിത്തറയായ ഭൗതികസത്തയിലും ദ്രവ്യങ്ങളുടെ അനശ്വരതയിലും വിശ്വസിക്കുന്നു. ഈ അനശ്വരഘടകങ്ങളിൽ നിന്നാണ് പ്രപഞ്ചം ഉത്ഭവിച്ചത്. പ്രപഞ്ചോൽപത്തിയിൽ ദൈവത്തിന് പങ്കൊന്നുമില്ല. ദൈവത്തിന്റെ സഹായമില്ലാതെ പ്രപഞ്ചമാവിർഭവിച്ചതെങ്ങനെയാണ് എന്ന ചോദ്യത്തിന് മീമാംസകരുടെ മറുപടിയിതാണ്: ഓരോ കർമ്മത്തിനും അതിന്റേതായ ഫലമുണ്ട്. അതുപോലെ ഏതു കാര്യത്തിനും ഒരു കാരണമുണ്ട്. കാരണത്തിൽ കാര്യമടങ്ങിയിരിക്കുന്നു. കാരണത്തിലടങ്ങിയ ഈ കാര്യമാണ് ഫലമായി രൂപാന്തരപ്പെടുന്നത്. അദൃശ്യമായ ഒരു ശക്തിയാണത്. ആ ശക്തിയുടെ പ്രവർത്തനം തടയപ്പെട്ടാൽ ഫലം പ്രത്യക്ഷപ്പെടുകയില്ല. ഉദാഹരണത്തിന്, വിത്തിലടങ്ങിയ അദൃശ്യശക്തിയാണ് ചെടിയായി പ്രത്യക്ഷപ്പെടുന്നത്. ആ ശക്തി തടയപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്താൽ — ഉദാഹരണത്തിന് വിത്ത് ചട്ടിയിലിട്ടുവറുത്താൽ — പിന്നെ അതു മുളച്ചു ചെടിയാവില്ല. കാര്യകാരണബന്ധങ്ങളുടെ ഫലങ്ങൾ അനിവാര്യങ്ങളാണ്. ഈ അലംഘനീയ നിയമമാണ് പ്രപഞ്ചോൽപത്തിയുടെ അടിസ്ഥാനം.

മാക്സ്മുള്ളറുടെ അഭിപ്രായത്തിൽ ജൈമിനി ദൈവത്തെക്കുറിച്ചു മിണ്ടാതിരുന്നത് ദൈവനിന്ദകരുടെ ആക്രമണങ്ങളിൽ നിന്നും ആരോപണങ്ങളിൽ നിന്നും അദ്ദേഹത്തെ രക്ഷിക്കാൻ വേണ്ടിയാണ്: “ലോകത്തിൽ പരന്നുപിടിച്ചിട്ടുള്ള അനീതികൾക്ക് ദൈവത്തെ ഉത്തരവാദിയാക്കാൻ ജൈമിനി ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടാണ് അദ്ദേഹം എല്ലാറ്റിനെയും കാര്യകാരണബന്ധങ്ങളുടെ പരിധിയിലുൾപ്പെടുത്തുകയും ലോകത്തിലുള്ള അസമത്വങ്ങൾ സൽക്കർമ്മങ്ങളുടെയോ ദുഷ്കർമ്മങ്ങളുടെയോ തുടർച്ചയായ സ്വാഭാവികഫലങ്ങളായി കണക്കാക്കുകയും ചെയ്തത്. ഇതൊരിക്കലും നിരീശ്വരവാദമല്ല. മറിച്ച്, ദൈവത്തിന്റെ പേരിൽ പലപ്പോഴും ഉന്നയിക്കപ്പെടാറുള്ള ക്രൂരത, അനർഹമായ പക്ഷപാതം മുതലായ കുറ്റാരോപണങ്ങളിൽ നിന്ന് അദ്ദേഹത്തെ രക്ഷിക്കാനുള്ള പരിശ്രമമാണ്. മീമാംസകന്മാർ നിരീശ്വരവാദികളെന്നു വിളിക്കപ്പെട്ടിരുന്നുവെങ്കിൽ അതിന്റെ അർത്ഥം അവർ ദൈവത്തിന്റെ മാർഗ്ഗങ്ങളെ തങ്ങളുടെ സ്വന്തം വഴിക്കു ന്യായീകരിക്കാൻ ശ്രമിച്ചു എന്നു മാത്രമാണ്”. [8]

പക്ഷേ, ഈ അഭിപ്രായം അത്ര ശരിയാണെന്നു തോന്നുന്നില്ല. മീമാംസാദർശനം അതിന്റെ ആരംഭകാലത്ത് സ്രഷ്ടാവെന്ന നിലയ്ക്കുള്ള ഒരു ദൈവത്തിൽ വിശ്വസിച്ചിരുന്നില്ല എന്ന് മാക്സ്മുള്ളർ തന്നെ സമ്മതിക്കുന്നതുകൊണ്ട് വിശേഷിച്ചും ഇതു യുക്തിക്കു നിരക്കാത്തതാണ്. മീമാംസകരുടെ അഭിപ്രായത്തിൽ വേദങ്ങളെന്ന പോലെ തന്നെ പ്രപഞ്ചവും അനാദികാലം മുതൽക്കേ നിലനിന്നു പോരുന്നവയാണ്. ഷെർബാത്സ്ക്കി എഴുതുന്നതിങ്ങനെയാണ്: “അവർ (മീമാംസകന്മാർ) തികഞ്ഞ യാഥാർത്ഥ്യവാദികളും ആത്മീയവാദത്തിന്റെ വിരോധികളും നിഷേധാത്മക സിദ്ധാന്തങ്ങളുടെ പക്ഷപാതികളും ആയിരുന്നു. സ്രഷ്ടാവായ ദൈവമില്ല, സർവജ്ഞനില്ല, മുക്തന്മാരായ യോഗിവര്യന്മാരില്ല, യാതൊരു തരത്തിലുമുള്ള നിഗൂഢതയുമില്ല. നമ്മുടെ ഇന്ദ്രിയങ്ങൾക്കനുഭവപ്പെടുന്ന ലോകമല്ലാതെ മറ്റൊന്നുമില്ല. അതുകൊണ്ടുതന്നെ, നൈസർഗ്ഗികാശയങ്ങളില്ല, നിർമ്മാണാത്മകമായ ജ്ഞാനമില്ല, ബിംബമില്ല, അന്തർദർശനമില്ല. കേവലമായ ഒരു ചേതനമാത്രം. ബാഹ്യാനുഭവങ്ങളെയെല്ലാം രേഖപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുന്ന സംവേദനങ്ങളുടെയും സ്മരണകളുടെയും പരിപൂർണ്ണമായ ഒരു പരിമാർജനാവസ്ഥ മാത്രം. നിത്യശബ്ദ സിദ്ധാന്തത്തെയും അതിനോടു ബന്ധപ്പെട്ട ആശയങ്ങളെയും ഒഴിച്ചു നിർത്തിയാൽ പിന്നെ മീമാംസയും ബുദ്ധിവാദങ്ങളായ ന്യായവൈശേഷികദർശനങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല”. [9]

---

7. S. C. Chatterjee and D. M. Dutta: An Introduction to Indian Philosophy.
8. Max Muller: Collected Works, Vol. 19, PP. 211–12
9. Stcherbatsky: Buddhist Logic, Vol. II, P. 23.

## 3 അപൂർവം

പക്ഷേ, ഇത് ചിത്രത്തിന്റെ ഒരു വശം മാത്രമാണ്. പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവെന്ന നിലയ്ക്കുള്ള ഒരു ദൈവത്തിൽ ജൈമിനി വിശ്വസിച്ചിരുന്നില്ലെന്നുള്ളതു ശരി തന്നെ. എന്നാൽ, അപൂർവ്വം എന്ന അദൃശ്യമായ ഒരു നിഗൂഢശക്തിയെക്കുറിച്ച് അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. അപൂർവം എന്ന വാക്കിന്റെ അർത്ഥം മുമ്പുണ്ടായിരുന്നില്ലാത്ത ഒന്ന് എന്നാണ്. ഫലപ്രാപ്തിക്ക് കർമ്മം ചെയ്യേണ്ടതാവശ്യമാണല്ലോ. പക്ഷേ, കർമ്മം ചെയ്തു ഉടനെതന്നെ അതിന്റെ ഫലം കിട്ടില്ല. കർമ്മത്തിനും അതിന്റെ ഫലത്തിനുമിടയിൽ അനിവാര്യമായ ഒരു കാലവിളംബമുണ്ട്. ഈ ഇടവേളയിൽ കർമ്മഫലം നിലനിൽക്കുന്നത് അപൂർവമെന്ന രൂപത്തിലാണത്രേ. അതായത്, മുൻകൂട്ടി കാണാൻ കഴിയാത്ത ഒരു ശക്തിയുടെ രൂപത്തിൽ. മറ്റൊരുവിധം പറഞ്ഞാൽ കർമ്മത്തിന്റെ ഫലം ലഭിക്കുന്നത് അപൂർവത്തിലൂടെ വൈകിയിട്ടാണ്. ജൈമിനി പറയുന്നു: “അപൂർവം എന്ന അനുഭവജ്ഞാനാതീതമായ ഒരു ശക്തിവിശേഷമുണ്ട്. എന്തെന്നാൽ, കർമ്മം അതിനോട് ബന്ധപ്പെട്ടിരിക്കുന്നു”. [10]

ഈ സൂത്രത്തെ വ്യാഖ്യാനിച്ചുകൊണ്ട് ശബരൻ എഴുതുകയാണ്;

> “സ്വർഗ്ഗമാഗ്രഹിക്കുന്നവൻ യജ്ഞകർമ്മങ്ങൾ ചെയ്യണം എന്നും മറ്റുമുള്ള വിധികളിൽ അപൂർവം എന്ന ഒന്നുണ്ട്. എന്തെന്നാൽ, കർമ്മം അതുമായി ബന്ധപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ — അപൂർവം എന്ന ഒന്നില്ലെങ്കിൽ — ഇത്തരം വേദവിധികൾക്ക് യാതൊരർത്ഥവുമില്ലാതായിത്തീരും. യജ്ഞം എന്ന കർമ്മം ചെയ്തു കഴിഞ്ഞാൽ പിന്നെ അതു നശിച്ചുപോകുന്നു. യജ്ഞം മറ്റൊന്നും കൊണ്ടു വരാതെ നശിച്ചു പോകുകയാണെങ്കിൽ കാരണമില്ലാതായിത്തീരുമ്പോൾ അതിന്റെ ഫലം (അതായത് സ്വർഗ്ഗം) ഒരിക്കലുമുണ്ടാകില്ല എന്നുവരും. ഫലപ്രാപ്തി ശരിക്കുണ്ടാകുന്നതുവരെ നിലനിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ശക്തിവിശേഷത്തെ യജ്ഞകർമ്മം ജനിപ്പിക്കുന്നു എന്നു തന്നെയാണ് ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്”. [11]

ഇത് ആത്മീയവാദത്തിന്റെയും നിഗൂഢതാവാദത്തിന്റെയും ഘടകങ്ങളല്ലെങ്കിൽ പിന്നെ എന്താണ്? അതുകൊണ്ട്, മീമാംസാദർശനം ഈശ്വരനെ നിഷേധിക്കുന്നു എന്നതുകൊണ്ടു മാത്രം ഭൗതികവാദമാണ്, ആത്മീയവാദത്തിനെതിരാണ് എന്നും മറ്റും പറയുന്നതു സൂക്ഷിച്ചു വേണം.

മീമാംസ ഈശ്വരനെ നിഷേധിക്കുന്നുണ്ടെങ്കിലും കർത്താവും ഭോക്താവുമായ ഒരാത്മാവിന്റെ ശാശ്വതത്വത്തിൽ വിശ്വസിക്കുന്നുണ്ട്. പക്ഷേ, മീമാംസകരുടെ അഭിപ്രായത്തിൽ അനശ്വരമായ ആത്മാവിന് ചില പരിമിതികളുണ്ട്. ഒന്നാമത്, ഭൗതികശരീരം തന്നെ. ഭൗതികപദാർത്ഥത്തിൽ നിന്നു വേറിട്ടു നിൽക്കുന്ന ഒന്നല്ല ആത്മാവ്. കർമ്മത്തിൽ നിന്നും അതു സ്വതന്ത്രമല്ല. ആത്മാവും ശരീരവുമുൾക്കൊള്ളുന്ന മനുഷ്യൻ പ്രകൃത്യാ കർമ്മനിരതനാണ്. പക്ഷേ, സുഖദുഃഖങ്ങളുടെ ഉപാധിയായ ഭൗതികശരീരത്തിന്റെ പരിമിതികൾക്കുള്ളിൽ മാത്രമേ ആത്മാവ് കർമ്മനിരതമാകുന്നുള്ളൂ. ഇന്ദ്രിയങ്ങളാണ് രണ്ടാമത്തെ പരിമിതി. പഞ്ചേന്ദ്രിയങ്ങളുടെ സഹായത്തോടുകൂടിയാണ് ആത്മാവ് ബാഹ്യലോകവുമായി ബന്ധം പുലർത്തുന്നത്. മൂന്നാമത്തെ പരിമിതി ബാഹ്യലോകം തന്നെ. എല്ലാ വ്യക്തികളുടെയും സർവവിധ ജീവിതാനുഭവങ്ങളുടെയും അടിസ്ഥാനമാണ് ബാഹ്യലോകം. വ്യക്തിയും ബാഹ്യലോകവും തമ്മിലുള്ള ബന്ധം യഥാർത്ഥവും അനിവാര്യവുമാണെന്ന് മീമാംസ ഉറപ്പിച്ചുപറയുന്നു.

മാറ്റമില്ലാത്ത, നിശ്ചലവും നിസ്സംഗവുമായ, ഒരു പ്രതിഭാസമല്ല ആത്മാവ് എന്ന് ഇത്രയും പറഞ്ഞതിൽ നിന്നു തന്നെ മനസ്സിലാക്കാം. ബാഹ്യലോകത്തിലെന്നപോലെ തന്നെ ആത്മാവിനും മാറ്റങ്ങളുണ്ടാകുന്നുണ്ട്. അതു സ്ഥിരമായിട്ടല്ല നിലനിൽക്കുന്നത്. പക്ഷേ, മാറ്റങ്ങളുണ്ടാകുന്നുവെങ്കിലും അത് നിത്യവും അനശ്വരവുമാണ്!

പ്രപഞ്ചത്തിന്റെയും ആത്മാവിന്റെയും യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ജ്ഞാനം സമ്പാദിക്കുക തികച്ചും സാദ്ധ്യമാണെന്ന് മീമാംസാദാർശനികന്മാർ ഉറപ്പിച്ചു പറയുന്നു. ആദ്യകാലത്ത് അവർ വേദങ്ങളുടെ ആധികാരികതയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ശബ്ദപ്രമാണത്തിനു പുറമെ പ്രത്യക്ഷം, അനുമാനം എന്നീ പ്രമാണങ്ങളെ മാത്രമേ ജ്ഞാനത്തിന്റെ ഉപാധികളായി അംഗീകരിച്ചിരുന്നുള്ളൂ. പിന്നീട് അർത്ഥാപത്തി, സംഭവം, അഭാവം അല്ലെങ്കിൽ അനുപലബ്ധി എന്നിങ്ങനെ മൂന്നു പ്രമാണങ്ങൾ കൂടി അംഗീകരിക്കപ്പെട്ടു. പരസ്പരവിരുദ്ധങ്ങളായ പ്രതിഭാസങ്ങളെ വിവരിക്കാൻ അദൃശ്യമായ ഒരു വസ്തുവെ സങ്കൽപ്പിക്കുന്നതിനാണ് അർത്ഥാപത്തി എന്നു പറയുന്നത്. പ്രത്യക്ഷമായ പൊരുത്തക്കേടുകളെയോ വിരോധാഭാസങ്ങളെയോ വെളിപ്പെടുത്താൻ വേണ്ടിയാണ് ഈ പ്രമാണം ഉപയോഗിക്കപ്പെട്ടത്. ഉദാഹരണത്തിന്, താൻ പകൽസമയത്ത് ഒന്നും ഭക്ഷിക്കാറില്ലെന്ന് ഒരാൾ പറയുന്നു എന്നിരിക്കട്ടെ. എന്നിട്ടും അയാൾക്ക് ആരോഗ്യവും ശരീരപുഷ്ടിയുമുണ്ടെങ്കിൽ രാത്രിയിൽ ഭക്ഷിക്കുന്നുണ്ടാകണം എന്നാണ് മനസ്സിലാക്കേണ്ടത്. ലോകത്തിലെങ്ങും പാത്രങ്ങളില്ലെന്നു പറഞ്ഞാൽ പാത്രങ്ങളുടെ ഇല്ലായ്മയെ അല്ലെങ്കിൽ അഭാവത്തെയാണ് അതു സൂചിപ്പിക്കുന്നത്. ആയിരം കാര്യങ്ങൾ പറയുമ്പോൾ അവയിൽ നൂറെണ്ണമെങ്കിലും ശരിയാവാനിടയുണ്ട്. ഇതാണ് സംഭവപ്രമാണത്തിന്റെ ഉദാഹരണം.

ജൈമിനിയുടെ മീമാംസാസൂത്രങ്ങളുടെ ആദ്യത്തെ വ്യാഖ്യാതാവ് ക്രി. മു. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ശബരനാണെന്നു കരുതപ്പെടുന്നു. പിന്നീട് ഒട്ടനവധി വ്യാഖ്യാതാക്കളും ഭാഷ്യകാരന്മാരുമുണ്ടായി. ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രഭാകരനും കുമാരിലഭട്ടനുമാണ് അവരിൽ പ്രധാനികൾ. അവരുടെ കാലത്താണ് മീമാംസാദർശനം പുതിയ പുതിയ പ്രമാണങ്ങളുടെയും യുക്തികളുടെയും തർക്കവിതർക്കങ്ങളുടെയും സഹായത്തോടുകൂടി വളരെയധികം പുഷ്ടിപ്പെട്ടത്. പക്ഷേ, അതോടൊപ്പം തന്നെ മീമാംസയുടെ ആരംഭകാലത്തെ താത്വികാടിത്തറയ്ക്ക് ഇളക്കം തട്ടുകയും ആത്മീയവും മതപരവുമായ വ്യാഖ്യാനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകപ്പെടുകയും ചെയ്തു. അനശ്വരങ്ങളെന്നു കരുതപ്പെട്ട വേദവാക്യങ്ങളുടെ ആധികാരികതയുടെയും യാഗയജ്ഞാദിമതച്ചടങ്ങുകളുടെ സൃഷ്ടിപരമായ ശക്തിയുടെയും അടിസ്ഥാനത്തിൽ മാത്രമേ വസ്തുനിഷ്ഠമായ ബാഹ്യലോകത്തെ മനസ്സിലാക്കാൻ കഴിയൂ എന്നുവരെ വാദിക്കപ്പെട്ടു.

---

10. മീ. സൂ. III 1. 5.
11. ശബരിഭാഷ്യം, ഗംഗാനാഥഝായുടെ ഇംഗ്ലീഷ് തർജമയിൽ നിന്ന്.

## 4 മന്ത്രവാദവും മതച്ചടങ്ങുകളും

ദൈവവിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള ചടങ്ങുകളും ദൈവവിശ്വാസവുമായി ബന്ധമില്ലാത്ത ചടങ്ങുകളും തമ്മിൽ അതിപ്രധാനമായ ഒരു വ്യത്യാസമുണ്ടെന്ന് ദേവിപ്രസാദ് ചതോപാദ്ധ്യായ അഭിപ്രായപ്പെടുന്നു. മീമാംസയനുസരിച്ച് കർമ്മങ്ങൾ സ്വയമേവ, അവയിലന്തർലീനമായ ശക്തികൊണ്ട് ഉദ്ദിഷ്ടഫലങ്ങളുളവാക്കുന്നു. ദൈവങ്ങളെ പ്രീതിപ്പെടുത്താനുള്ളവയല്ല യാഗങ്ങൾ. ദൈവങ്ങൾ യാഗങ്ങൾകൊണ്ടു സന്തുഷ്ടരായിത്തീർന്ന് മനുഷ്യർക്ക് വരങ്ങൾ നൽകുമെന്നു പറയുന്നത് അസംബന്ധമാണ്. അതുകൊണ്ട് മീമാംസാകാരന്മാർ “പ്രാകൃതമന്ത്രവാദത്തിനു നിദാനമായ പ്രാഗാദ്ധ്യാത്മികവാദത്തിനു നേതൃത്വം നൽകിയവരായിരുന്നു” [12] എന്നും “പ്രാകൃതമന്ത്രവാദത്തിന്റെ അടിസ്ഥാനപരമായ സങ്കൽപ്പം ആദ്ധ്യാത്മികതയല്ല മാത്രമല്ല, ദാർശനികമായ ആത്മീയവാദത്തിനും എതിരായിരുന്നു” [13] എന്നും അതിനാൽ മീമാംസ “ദൃഢമായ നിരീശ്വരവാദത്തിനു വേണ്ടിയും ദാർശനികമായ ആത്മീയവാദത്തിനെതിരായുമാണ് നിലകൊണ്ടത്” [14] എന്നും മറ്റുമാണ് ദേവീപ്രസാദ് വാദിക്കുന്നത്.

മീമാംസകന്മാർ യജ്ഞം നടത്തുന്ന അവസരത്തിൽ ദൈവത്തിലോ മറ്റേതെങ്കിലും ആത്മീയചൈതന്യത്തിന്റെ പ്രതിനിധികളിലോ വിശ്വസിച്ചിരുന്നില്ല എന്നതും ശരിയാണ്. പക്ഷേ, സ്വർഗ്ഗത്തിൽ അവർക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു. സ്വർഗ്ഗപ്രാപ്തിയാണ് യജ്ഞത്തിന്റെ ഉദ്ദേശ്യമെന്ന് ജൈമിനി സ്പഷ്ടമായിത്തന്നെ പറയുന്നുമുണ്ട്: “സ്വർഗ്ഗം വേണമെന്നാഗ്രഹിക്കുന്നവർ യാഗം ചെയ്യട്ടെ!” സ്വർഗ്ഗമെന്ന ലക്ഷ്യത്തിനു വേണ്ടിയാണ് യാഗങ്ങളെയും മറ്റു വൈദിക മതച്ചടങ്ങുകളെയും അദ്ദേഹം സർവ്വശക്തിയുമുപയോഗിച്ചു ന്യായീകരിച്ചത്. മോക്ഷമെന്നത് ഐഹികജീവിതത്തിനപ്പുറത്തുള്ള സ്വർഗ്ഗത്തിലെ ആനന്ദമയമായ ജീവിതമാണ്. മറ്റുപല ദാർശനികന്മാരും ഉന്നം വെച്ചതുപോലെയുള്ള ഐഹികസുഖങ്ങളോ ദുഃഖങ്ങളിൽ നിന്നുള്ള മോചനമോ അല്ല. തീർച്ചയായും ഒരു പ്രത്യേകതയുണ്ട്. ജൈമിനിയുടെ സ്വർഗ്ഗം ദൈവമില്ലാത്ത സ്വർഗ്ഗമാണ്!

ഋഗ്വേദത്തിലെ ഇന്ദ്രൻ, അഗ്നി തുടങ്ങിയ പ്രകൃതി ദൈവങ്ങളെ ആരാധിക്കുന്നവരോട് മീമാംസകർക്കു പുച്ഛമായിരുന്നു. പക്ഷേ, അതേ സമയത്തുതന്നെ വൈദിക മതച്ചടങ്ങുകളുടെ സാധുതയെ അവർ ന്യായീകരിക്കുകയും ചെയ്തു. പ്രാചീനാര്യന്മാർ അഗ്നി, വരുണൻ, വായു, ഇന്ദ്രൻ തുടങ്ങിയ പ്രകൃതി ദൈവങ്ങളെ പ്രീതിപ്പെടുത്തിക്കൊണ്ട് അവരുടെ പിന്തുണയോടെ തങ്ങളുടെ സ്വന്തം ഐഹികസുഖങ്ങളെ നേടാൻ വേണ്ടിയാണ് യാഗങ്ങൾ നടത്തിയിരുന്നത്. മീമാംസകന്മാരാകട്ടെ, ദൈവങ്ങളെ നിഷേധിക്കുകയും അതേ സമയത്തുതന്നെ പ്രാചീനാര്യന്മാരുടെ ലളിതങ്ങളായ യാഗങ്ങളെ ആദിമനിവാസികൾക്കിടയിൽ നടപ്പുണ്ടായിരുന്ന പലതരം മന്ത്രവാദച്ചടങ്ങുകളുമായി കൂട്ടിയിണക്കിക്കൊണ്ട് സങ്കീർണ്ണവും വൈവിധ്യപൂർണ്ണവുമായ ഒരു സമഗ്രവ്യവസ്ഥയാക്കി മാറ്റുകയും അവയുടെ വിശദാംശങ്ങൾക്കെല്ലാം താത്വികമായ ഒരടിത്തറ നൽകാൻ പാടുപെടുകയും ചെയ്തു.

---

12. Debiprasad Chattopadhyaya: Indian Philosophy, PP. 56–57.
13. Ibid.
14. Ibid.

## 5 വർണ്ണവ്യവസ്ഥയുടെ ന്യായീകരണം

ഋഗ്വേദകാലത്തെ പ്രാചീനാര്യന്മാർക്കിടയിൽ വർണ്ണവ്യത്യാസങ്ങളുണ്ടായിരുന്നില്ല. യാഗങ്ങൾ നടത്താൻ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടായിരുന്നു. മീമാംസകന്മാരാകട്ടെ, ആ സ്വാതന്ത്ര്യത്തിൽ നിന്ന് ശൂദ്രന്മാരെ ഒഴിച്ചു നിർത്തി. ശൂദ്രന്മാർക്ക് യാഗങ്ങൾ നടത്താൻ അധികാരമില്ലെന്ന് അവർ ഉറപ്പിച്ചുപറഞ്ഞു. വർണ്ണവ്യവസ്ഥയെ പൊതുവിലും ബ്രാഹ്മണമേധാവിത്വത്തെ പ്രത്യേകിച്ചും അവർ ഉയർത്തിക്കാണിച്ചു. വർണ്ണവിഭജനങ്ങളെയും മേലാളർ–കീഴാളർബന്ധങ്ങളെയും അവർ ന്യായീകരിച്ചു. ശൂദ്രന്മാർ അവരുടെ ദൃഷ്ടിയിൽ അവഹേളനാർഹരും മറ്റു വർണ്ണങ്ങൾക്കുവേണ്ടി പണിയെടുക്കാൻ മാത്രം ജനിച്ചവരുമായ താഴ്ന്നവർണ്ണക്കാരായിരുന്നു. യാഗാദികർമ്മങ്ങളുടെ കാര്യത്തിലെങ്കിലും നാലു വർണ്ണങ്ങൾക്കിടയിൽ തരംതിരിവൊന്നും പാടില്ലെന്ന അഭിപ്രായത്തെ അവർ കഠിനമായി എതിർത്തു. ജൈമിനിയുടെ മീമാംസസൂത്രങ്ങളിൽ നിന്ന് താഴെ ഉദ്ധരിക്കുന്ന ഭാഗം ഇതു വ്യക്തമാക്കുന്നുണ്ട്:

> "വിഷയം: ശൂദ്രന് യാഗാദികർമ്മങ്ങൾ ചെയ്യാൻ അർഹതയില്ല.

എതിരഭിപ്രായം: നാലു വർണ്ണങ്ങൾക്കും, യാതൊരു വിവേചനവും കൂടാതെ, യാഗങ്ങൾ ചെയ്യാനധികാരമുണ്ട്.

ശരിയായ വീക്ഷണഗതി: യഥാർത്ഥത്തിൽ, യാഗങ്ങൾ ചെയ്യാൻ മൂന്ന് (ഉയർന്ന) വർണ്ണങ്ങൾക്കു മാത്രമേ അധികാരമുള്ളൂ. കാരണം (യാഗത്തിനുള്ള) തീ കൂട്ടാനുള്ള അവകാശം ഈ മൂന്നു വർണ്ണങ്ങൾക്കു മാത്രമേ നൽകപ്പെട്ടിട്ടുള്ളൂ. അതുകൊണ്ട്, ശൂദ്രന് യാഗവുമായി യാതൊരു ബന്ധവുമുണ്ടാകാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ, വേദങ്ങൾ ബ്രാഹ്മണനും മറ്റു രണ്ടു വർണ്ണങ്ങൾക്കും മാത്രമേ ബാധകമാകുന്നുള്ളൂ. ഇതാണ് അത്രേയന്റെ അഭിപ്രായം". [15]

ജൈമിനിയുടെ മീമാംസാസൂത്രങ്ങൾ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്ത പണ്ഡിറ്റ് മോഹൻലാൽ സംദൽ തന്റെ ആമുഖത്തിൽ ഇതിനേപ്പറ്റി വിവരിക്കുന്നതിങ്ങനെയാണ്:

> "ശൂദ്രന് പൂണനൂൽ ധരിക്കാനവകാശമില്ല. അതുകൊണ്ട് അവന് യാഗം ചെയ്യാനും അധികാരമില്ല. മാത്രമല്ല, (യാഗത്തിനാവശ്യമായ) തീ കത്തിക്കാൻ മൂന്ന് ഉയർന്ന വർണ്ണക്കാർക്കു മാത്രമേ അധികാരമുള്ളൂ എന്ന് വേദങ്ങളിൽ തന്നെ ഒരു പാഠ്യവുമുണ്ട്. ശൂദ്രന് യാഗം ചെയ്യാനുള്ള അവകാശം അനുവദിക്കപ്പെട്ടിട്ടില്ലെന്നാണ് ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്". [16]

ശൂദ്രന് യാഗങ്ങൾ നടത്താനുള്ള അവകാശം നൽകപ്പെട്ടിരുന്നുവെങ്കിൽപോലും ആ അവകാശം ഉപയോഗിക്കാനുള്ള കഴിവ് അവന് ഉണ്ടാകുമായിരുന്നില്ല. കാരണം, ജൈമിനിയുടെ മീമാംസാസൂത്രങ്ങളിലും അവയെപ്പറ്റിയുള്ള ശബരൻ മുതലായവരുടെ വ്യാഖ്യാനങ്ങളിലും വർണ്ണിക്കപ്പെട്ടിട്ടുള്ള യജ്ഞകർമ്മവിധികൾ പരിശോധിച്ചാൽ കാണാം അവ ധാരാളം പണച്ചെലവുള്ള ഏർപ്പാടുകളായിരുന്നു എന്നും അതുകൊണ്ട് അവ നടത്താൻ വലിയ പണക്കാർക്ക് മാത്രമേ കഴിവുണ്ടായിരുന്നുള്ളൂ എന്നും.

അപ്പോൾ, മതചടങ്ങുകളുടെ ആരംഭം എവിടെനിന്നായാലും കൊള്ളാം, വർഗ്ഗങ്ങളുടെ ആവിർഭാവത്തിനു മുമ്പുണ്ടായിരുന്ന പ്രാകൃതമന്ത്രവാദങ്ങളുടെയോ പ്രാചീനാര്യന്മാരുടെ ലളിതങ്ങളായ ചടങ്ങുകളുടെയോ പരിഷ്കരിച്ച ഒരു രൂപം മാത്രമാണ് മീമാംസ എന്നു കരുതുന്നതിൽ യാതൊരു യുക്തിയുമില്ല. വർണ്ണവ്യവസ്ഥ വളർന്നു പുഷ്ടിപ്പെടുകയും ക്ഷയിക്കാൻ തുടങ്ങുകയും ചെയ്ത കാലഘട്ടത്തിലെ മതചടങ്ങുകളാണ് മീമാംസയിലെ പ്രതിപാദ്യം.

ആദ്യം തന്നെ സൂചിപ്പിച്ചതുപോലെ, മീമാംസാദർശനം തുടക്കം മുതൽക്കുതന്നെ ഉത്തരമീമാംസയുമായി, അതായത് വേദാന്തവുമായി, സഹകരിച്ചു കൊണ്ടാണ് വികാസം പ്രാപിച്ചത്. മീമാംസയും വേദാന്തവും തമ്മിൽ നികത്താനാകാത്ത യാതൊരു വൈരുദ്ധ്യവുമില്ല. വേദങ്ങളുടെ ആധികാരികതയെ അംഗീകരിച്ച ഈ രണ്ടു ദർശനങ്ങളും യഥാർത്ഥത്തിൽ ഒരേ ദർശനത്തിന്റെ രണ്ടു ഭാഗങ്ങൾ മാത്രമാണെന്ന് ചില ചിന്തകന്മാർ കരുതിയതും അതുകൊണ്ടുതന്നെയാണ്. ശങ്കരന് മുമ്പു ജീവിച്ചിരുന്ന മണ്ഡനമിശ്രൻ എന്ന വേദാന്തി മീമാംസയിലെ കർമ്മകാണ്ഡത്തെയും വേദാന്തത്തിലെ ജ്ഞാനകാണ്ഡത്തെയും കൂട്ടിച്ചേർത്ത് ഒരൊറ്റ ദർശനമാക്കി മാറ്റാൻ വേണ്ടി നടത്തിയ പരിശ്രമത്തെപ്പറ്റി മുമ്പു പറഞ്ഞുവല്ലോ. "മീമാംസാദർശനത്തിന്റെ മിക്ക വക്താക്കളും വേദാന്തത്തിൽ പ്രഗത്ഭമായ പാണ്ഡിത്യം നേടിയവരും വേദാന്തത്തെക്കുറിച്ച് പ്രസിദ്ധങ്ങളായ ഗ്രന്ഥങ്ങൾ രചിച്ചവരുമായിരുന്നു എന്നതാണ് പരമാർത്ഥം" എന്ന് കുഞ്ഞൻരാജാ ചൂണ്ടിക്കാണിക്കുന്നു. [17]

ചുരുക്കിപ്പറഞ്ഞാൽ മീമാംസയുടെ ഉള്ളടക്കം തികച്ചും ആത്മീയവാദപരവും മതപരവുമായിരുന്നു. അതിലടങ്ങിയിരുന്ന നിരീശ്വരവാദപരമായ അംശങ്ങൾ കാലക്രമത്തിൽ പിന്തള്ളപ്പെട്ടു. വേദാന്തത്തിന്റെ പരിപൂർണ്ണതയിലുള്ള വിശ്വാസവും വേദവാക്യങ്ങളുടെ അനശ്വരമായ ഉച്ചാരണശബ്ദത്തിന്റെ പരിശുദ്ധിയെക്കുറിച്ചുള്ള സിദ്ധാന്തവും മതാചാരങ്ങളിലും മതചടങ്ങുകളിലുമുള്ള അന്ധമായ വിശ്വാസവും എല്ലാം കൂടിക്കലർന്ന സങ്കീർണ്ണമായ ഒരു ദർശനമായി അതു രൂപാന്തരപ്പെട്ടു.

---

15. മീ. സൂ. VII. 1. 25–26.
16. The Sacred Books of the East, Vol. XLVIII, C, VI.
17. C. Kunhan Raja: Some Fundamental Problems of Indian Philosophy, P. 246.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 5

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ഇന്ത്യയിലെ പ്രാചീനമനുഷ്യൻ
2. മന്ത്രവാദവും മതവും
3. തത്വചിന്തയുടെ തുടക്കം
4. ഉപനിഷത്തുകൾ
5. ചാതുർവർണ്യവും പുരുഷാർഥങ്ങളും
6. ദർശനങ്ങൾക്ക് ഒരു മുഖവുര
7. പ്രാചീനഭൗതികവാദികൾ
8. ലോകായതം
9. ബൗദ്ധദർശനത്തിന്റെ പ്രാരംഭഘട്ടം
10. ജൈനദർശനം
11. സാംഖ്യദർശനം
12. വൈശേഷികദർശനം
13. ന്യായദർശനം
14. യോഗദർശനം
15. മീമാംസ
16. പ്രാചീനവേദാന്തം
17. ഭഗവദ്ഗീത
18. നാടുവാഴിവ്യവസ്ഥയും ഹിന്ദുമതവും
19. ബൗദ്ധദർശനത്തിലെ ഉൾപ്പിരിവുകൾ
20. തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും
21. ദക്ഷിണേന്ത്യയിലെ പ്രാചീനചിന്തകളും ഹിന്ദുമതവും
22. അദ്വൈതവേദാന്തം


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014